പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1570** **14.12.2012 ൽ മറുപടിക്ക്**

**കാലവർഷത്തിന്റെ ദൗർലഭ്യം**

| ചോദ്യം<br>ശ്രീ.കെ.കെ.ജയചന്ദ്രൻ | മറുപടി<br>ശ്രീ.കെ.പി.മോഹനൻ<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
|---|---|
| (എ) കാലവർഷത്തിന്റെ ദൗർലഭ്യം മൂലം സംസ്ഥാനത്തെ കാർഷിക രംഗത്തുണ്ടായ നാശനഷ്ടങ്ങളെ സംബന്ധിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) സംസ്ഥാനത്തിന്റെ ഏതെല്ലാം മേഖലകളിലാണ് നാശനഷ്ടങ്ങൾ ഉണ്ടായിട്ടുള്ളതെന്നറിയിക്കാമോ; | (ബി) വയനാട്, ഇടുക്കി, കൊല്ലം, തിരുവനന്തപുരം ജില്ലകളിൽ കാലവർഷത്തിന്റെ ദൗർലഭ്യം മൂലം കാർഷികരംഗത്ത് നാശനഷ്ടങ്ങൾ ഉണ്ടായിട്ടുണ്ട്. |
| (സി) എത്ര രൂപയുടെ നാശനഷ്ടമാണ് കണക്കാക്കപ്പെട്ടിട്ടുള്ളതെന്ന് എന്നറിയിക്കാമോ; | (സി) 212.61 കോടി രൂപയുടെ നാശനഷ്ടമാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്. |
| (ഡി) ദുരിതത്തിലായ കർഷകരെ സഹായിക്കാനുതകുന്ന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ? | (ഡി) വയനാട്, ഇടുക്കി, കൊല്ലം, തിരുവനന്തപുരം ജില്ലകൾക്ക് വരൾച്ചാ ദുരിതാശ്വാസമായി 55.861 കോടി രൂപ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ, കർഷകർക്ക് സഹായകരമായി താഴെപ്പറയുന്ന പദ്ധതികളും നടപ്പാക്കുന്നുണ്ട്.<br><br>11.06.2012 ലെ ജി.ഒ.(എംഎസ്.) നം.239/2012/ഡിഎംഡി പ്രകാരം വരൾച്ച ഉൾപ്പെടെയുള്ള പ്രകൃതിക്ഷോഭം മൂലമുള്ള വിളനാശത്തിന് നല്കിവരുന്ന നഷ്ടപരിഹാരം 1.04.2012 മുതൽ പ്രാബല്യത്തിൽ വർദ്ധിപ്പിച്ചിട്ടുണ്ട്.<br><br>സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം വിള ഇൻഷ്വർ ചെയ്ത കർഷകർക്ക് നഷ്ടപരിഹാരം നല്കുന്നുണ്ട്.<br><br>ദുരിതബാധിത പ്രദേശങ്ങളിൽ വിത്ത് നഷ്ടപ്പെട്ട കർഷകർക്ക് വീണ്ടും വിതയ്ക്കുന്നതിന് |

ആവശ്യമായ വിത്ത് സൗജന്യമായി സംസ്ഥാന വിത്ത് വികസന അതോറിറ്റി മുഖേന നല്കുന്നുണ്ട്.

ജലലഭ്യത കുറവുള്ള സ്ഥലത്ത് ഭൂമി തരിശിടുന്നത് ഒഴിവാക്കി കർഷകർക്ക് വരുമാനം ലഭിക്കുന്നതിന് വേണ്ടി ചോളം, പയർ വർഗ്ഗങ്ങൾ, എള്ള് തുടങ്ങിയ വിളകൾ കൃഷി ചെയ്യുന്നതിന് നിർദ്ദേശം നല്കിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ